(സി) ഗവൺമെന്റ്, മാനേജ്മെന്റ്, സാശ്രയ മേഖലകളിലുള്ള വിദ്യാർത്ഥി-അദ്ധ്യാപക-മാനേജ്മെന്റ് രക്ഷാകർതൃ സംഘടനകളുടെ യോഗം വിളിച്ചു കൂട്ടി ഇക്കാര്യത്തെപ്പറ്റി ചർച്ച ചെയ്ത് ഒരു കൂട്ടായ തീരുമാനം ഉണ്ടാക്കുന്നതിന് ഏർപ്പാടുണ്ടാക്കുമോ ;

(ഡി) ഏതാനും കലാലയങ്ങളിൽ രാഷ്ട്രീയം നിരോധിക്കുകയും, ഏതാനും കലാലയങ്ങളിൽ രാഷ്ട്രീയം അനുവദിക്കുകയും ചെയ്യുന്നപക്ഷം അത് വിദ്യാർത്ഥികളുടെ ഇടയിൽ അസംതൃപ്തിയും അസമാധാനവും സൃഷ്ടിക്കുന്നതിന് ഇടയാവുമോ ?

ഉത്തരം

(എ-ഡി) കലാലയങ്ങളിൽ രാഷ്ട്രീയം നിരോധിക്കുന്ന വിധിക്കെതിരെ വിദ്യാർത്ഥി സംഘടനകൾ ഫയൽ ചെയ്ത റിവ്യൂ പെറ്റിഷൻ കോടതിയുടെ പരിഗണനയിലാണ്. ആയതിനാൽ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചിട്ടില്ല.

രാഷ്ട്രീയാടിസ്ഥാനത്തിലുള്ള വിദ്യാർത്ഥി സംഘടനാ പ്രവർത്തനങ്ങൾ നിരോധിക്കാനുള്ള ഹൈക്കോടതി വിധി

73 (670) ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
ശ്രീ. രാജു എബ്രഹാം :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കോളേജുകളിൽ രാഷ്ട്രീയാടിസ്ഥാനത്തിലുള്ള വിദ്യാർത്ഥി സംഘടനാ പ്രവർത്തനങ്ങൾ നിരോധിക്കാനുള്ള അവകാശം കോളേജ് മാനേജ്മെന്റുകൾക്ക് നൽകിക്കൊണ്ടുള്ള ഹൈക്കോടതി വിധി നടപ്പിലാക്കുന്നത് സംബന്ധിച്ച് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ഇതിന് വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ;

(ബി) വിധിയുടെ അടിസ്ഥാനത്തിൽ ഏതെങ്കിലും മാനേജ്മെന്റുകൾ കാമ്പസുകളിൽ രാഷ്ട്രീയം നിരോധിച്ചിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം കോളേജുകളാണവ ;

(സി) വിധിയുടെ പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) വിദ്യാർത്ഥി സംഘടനകൾ ഫയൽ ചെയ്ത റിവ്യൂ പെറ്റീഷൻ കോടതിയുടെ പരിഗണനയിലാണ്. ആയതിനാൽ പ്രസ്തുത വിധി നടപ്പിലാക്കുന്നതിനെപ്പറ്റി ആലോചിച്ചിട്ടില്ല.

(ബി) തങ്ങളുടെ കോളേജ് കാമ്പസുകളിൽ രാഷ്ട്രീയം നിരോധിച്ചുകൊണ്ടുള്ള ഒരറിയിപ്പും ഒരു പ്രൈവറ്റ് കോളേജ് മാനേജ്മെന്റിൽ നിന്നും ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കുന്നു.*

കലാലയങ്ങളിലെ വിദ്യാർത്ഥി രാഷ്ട്രീയ പ്രവർത്തനം

74 (671) ശ്രീ ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോളേജുകളിൽ വിദ്യാർത്ഥി രാഷ്ട്രീയ പ്രവർത്തനങ്ങൾ മാനേജ്മെന്റിന് നിരോധിക്കാമെന്ന കോടതി ഉത്തരവ് സർക്കാർ പരിഗണിച്ച് കഴിഞ്ഞിട്ടുണ്ടോ ; എങ്കിൽ എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) കലാലയങ്ങളിൽ വിദ്യാർത്ഥി രാഷ്ട്രീയ പ്രവർത്തനം നടത്തുന്നത് സംബന്ധിച്ച് സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) കലാലയങ്ങളിൽ രാഷ്ട്രീയം നിരോധിക്കണമെന്ന കോടതി ഉത്തരവിനെതിരെ വിദ്യാർത്ഥി സംഘടനകൾ ഫയൽ ചെയ്ത റിവ്യൂ പെറ്റീഷൻ കോടതിയുടെ പരിഗണനയിലാണ്. ആയതിനാൽ ഇക്കാര്യത്തിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

ഹർത്താൽമൂലം പരീക്ഷയെഴുതാൻ കഴിയാത്ത വിദ്യാർത്ഥികൾ

75 (672) ശ്രീ. എം. എ. ചന്ദ്രശേഖരൻ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ.ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2003 മാർച്ച് മാസത്തിൽ എൽ.ഡി.എഫ്.നടത്തിയ ഹർത്താൽമൂലം വിദ്യാർത്ഥികൾക്ക് എസ്. എസ്.എൽ.സി. പരീക്ഷ എഴുതുവാൻ കഴിയാതെ വന്നിട്ടുണ്ടോ ;

(ബി) അവർക്ക് മറ്റു ദിവസങ്ങളിൽ പരീക്ഷയെഴുതുവാനുള്ള സംവിധാനമുണ്ടാക്കിയോ ;

(സി) എങ്കിൽ ഏതെല്ലാം വിഷയങ്ങളിലാണ് ഇപ്രകാരം പ്രത്യേക പരീക്ഷ നടത്തേണ്ടതായി വന്നത് ;

(ഡി) പ്രത്യേക പരീക്ഷയെഴുതിയ എത്ര പേർ വിജയിച്ചുവെന്ന് വ്യക്തമാക്കാമോ ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly